"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃക്കാക്കര നഗരസഭ - കാക്കനാട് വില്ലേജിൽ 528/8, 528/11, 528/12, 499/1 എന്നീ റീ-സർവേ നമ്പരുകളിൽ പെട്ട 7.73 Acre സ്ഥലത്ത് 709 യൂണിറ്റ്സ് റസിഡെൻഷ്യൽ അപ്പാർട്ട്മെന്റുകൾ (construction of rehabilitation facility for the project of affected people under IURWTS Project) പണിയുന്നതിന് അംഗീകൃത Structural Plan for Central City Kochi യുടെ നിയന്ത്രണങ്ങളിൽ നിന്നും മോഡിഫിക്കേഷൻ/ഡിസ്പേൻസേഷൻ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

സ.ഉ.(കൈ) നം.208/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 20/09/2021

---

പരാമർശം:-

1. 29.09.2015 തീയതിയിലെ സ.ഉ(കൈ) നം.305/2015/തസ്വഭവ
2. 18/02/2016 ലെ 304282/ആർ.ഡി.2/2015/തസ്വഭവ നമ്പർ സർക്കുലർ.
3. ഭവനം ഫൗണ്ടേഷൻ കേരള തൃക്കാക്കര നഗരസഭയിൽ സമർപ്പിച്ച അപേക്ഷ
4 തൃക്കാക്കര നഗരസഭ സെക്രട്ടറിയുടെ 14/01/2020-ലെ റ്റിപി1-22922/19 നമ്പർ കത്ത്
5. മുഖ്യനഗരാസൂത്രകന്റെ 23/01/2021 ലെ ടിസിപിസിടിപി/999/2020-സി3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ തൃക്കാക്കര നഗരസഭയിൽ ഉൾപ്പെട്ട കാക്കനാട് വില്ലേജിൽ 528/8, 528/11, 528/12, 499/1 എന്നീ റീ-സർവേ നമ്പരുകളിൽ പെട്ട 7.73 Acre സ്ഥലത്ത് 709 യൂണിറ്റ്സ് റസിഡെൻഷ്യൽ അപ്പാർട്ട്മെന്റുകൾ (construction of rehabilitation facility for the project of affected people under IURWTS Project) പണിയുന്നതിന് പരാമർശ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അംഗീകൃത Structural Plan for Central City Kochi യുടെ നിയന്ത്രണങ്ങളിൽ നിന്നും മോഡിഫിക്കേഷൻ/ഡിസ്പേൻസേഷൻ ലഭിക്കുന്നതിനായി തൊഴിൽ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ ഭവനം ഫൗണ്ടേഷൻ കേരള (A Government of Kerala Undertaking) പരാമർശം (3) പ്രകാരമുള്ള അപേക്ഷ തൃക്കാക്കര നഗരസഭയിൽ സമർപ്പിച്ചിരുന്നു.

(2) നിർമ്മാണ സ്ഥലം അംഗീകൃത Structure plan for central city Kochi പ്രകാരം industrial സോണിൽ ഉൾപ്പെടുന്നതിനാൽ Zonal modification ആവശ്യമാണെന്നും ടി പ്രോജെക്ട് ഗവണ്മെന്റ് നിയന്ത്രണത്തിൽ ഉള്ളതാണെന്നും പരാമർശം (4)പ്രകാരം നഗരസഭ സെക്രട്ടറി

റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(3) നിർമ്മാണ സ്ഥലം ഗവ. അംഗീകൃത Structure plan for central city Kochi പ്രകാരം industrial സോണിൽ വരുന്നു. Structure plan മേഖല നിയന്ത്രണ ചട്ടങ്ങൾ പ്രകാരം Individual Residential building for the owner, not exceeding a total built up area of 300 sq.m.വരെ മാത്രമാണ് അനുവദനീയം. അതിൻ പ്രകാരം മേൽപ്പറഞ്ഞ അപേക്ഷയിലെ നിർമ്മാണം അനുവദനീയമല്ല. എന്നാൽ Draft Master Plan for Kochi City Region (KCR)-2031 പ്രകാരം RSy No.528 Residential Zone-ൽ വരുന്നതിനാൽ പ്രസ്തുത സ്ഥലത്ത് ടി നിർമ്മാണം അനുവദനീയമാണെന്ന് സീനിയർ ടൗൺ പ്ലാനർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നതിനാലും Apna Ghar Project-നു വേണ്ടിയാണ് നിർദ്ദിഷ്ട പ്രോജക്റ്റ് (Project for providing safe and hygienic rental accommodation for the growing number of Domestic Migrant Labourers in Kerala) എന്നതിനാലും നിലവിലെ വികസനങ്ങളും Draft Master Plan for Kochi City Region (KCR)-2031 -ലെ നിർദ്ദേശങ്ങളും പരിഗണിച്ച് ഡിസ്പെൻസേഷൻ നൽകുന്നതിന് പരാമർശം (5) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. Apna Ghar Project-നു വേണ്ടിയാണ് നിർദ്ദിഷ്ട പ്രോജക്റ്റ് (Project for providing safe and hygienic rental accommodation for the growing number of Domestic Migrant Labourers in Kerala) എന്നതിനാലും Draft Master Plan for Kochi City Region (KCR)-2031 പ്രകാരം ടി നിർമ്മാണം അനുവദനീയമാണെന്നതിനാൽ ഡിസ്പെൻസേഷൻ സോപാധികമായി സീനിയർ ടൗൺ പ്ലാനർ ശിപാർശ ചെയ്തിട്ടുള്ളതിനാലും, നിലവിലെ വികസനങ്ങളും draft KCR-ലെ നിർദ്ദേശങ്ങളും പരിഗണിച്ച് ഡിസ്പെൻസേഷൻ മുഖ്യനഗരാസൂത്രകനും ശിപാർശ ചെയ്തിരിക്കുന്ന സാഹചര്യത്തിൽ, എറണാകുളം ജില്ലയിലെ തൃക്കാക്കര നഗരസഭയിൽ ഉൾപ്പെട്ട കാക്കനാട് വില്ലേജിൽ 528/8, 528/11, 528/12, 499/1 എന്നീ റീ-സർവേ നമ്പരുകളിൽ പെട്ട 7.73 Acre സ്ഥലത്ത് Bhavanam Foundation ന്റെ 709 യൂണിറ്റ്സ് റസിഡെൻഷ്യൽ അപ്പാർട്ട്മെന്റുകൾ താഴെപറയുന്ന നിബന്ധനകളോടെ നിർമ്മിക്കുന്നതിന് അംഗീകൃത Structure plan for central city Kochi-ൽ നിന്ന് Dispensation/Modification അനുവദിച്ച് ഉത്തരവാകുന്നു.

1. നിർമ്മാണം കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂളിനും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കേണ്ടതാണ്.
2. സർക്കാരിന്റെ 18/02/2016 ലെ 304282/ആർ.ഡി.2/2015/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ഡിസ്പേൻസേഷൻ/മോഡിഫിക്കേഷൻ അപേക്ഷയിന്മേൽ പെർമിറ്റ് ഫീയുടെ പത്തിരട്ടി Scrutiny Fee ആയി ഒടുക്കിയിരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്

1. എക്സിക്യൂട്ടിവ് ചെയർമാൻ, ഭവനം ഫൗണ്ടേഷൻ കേരള
2. മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം
3. ജില്ലാ നഗരാസൂത്രകൻ, എറണാകുളം
4. സെക്രട്ടറി, തൃക്കാക്കര നഗരസഭ
5. എക്സിക്യൂട്ടിവ് ഡയറക്ടർ, ഐ.കെ.എം
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sindhu.p.g.
Date: 22-09-2021 10:54:20
Reason: Approved

സെക്ഷൻ ഓഫീസർ